പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3745 20.06.2019 ൽ മറുപടിയ്ക്ക്

## സിവിൽ സപ്ലൈസ് കോർപ്പേറേഷനിലെ അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തിക

ചോദ്യം

ശ്രീ.കെ.എം.ഷാജി

ഉത്തരം

ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | തിരുവനന്തപുരം ജില്ലയിൽ സിവിൽ സപ്ലൈസ് കോർപ്പേറേഷനിൽ അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | തിരുവനന്തപുരം ജില്ലയിൽ സിവിൽ സപ്ലൈസ് കോർപ്പേറേഷനിൽ അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിൽ 32 ഒഴിവുകൾ നിലവിലുണ്ട്. |
| (ബി) | ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാനുണ്ട്; റിപ്പോർട്ട് ചെയ്യുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) | 32 ഒഴിവുകളും പി.എസ്.സി. യ്ക്ക് യഥാസമയം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) | ഈ തസ്തികയിൽ ജില്ലയിൽ ദിവസവേതന അടിസ്ഥാനത്തിൽ എത്രപേരെ നിയമിച്ചിട്ടുണ്ട്; ഇതിൽ എത്ര തസ്തികകൾ പി.എസ്.സി. നിയമനത്തിനുള്ളതാണെന്ന് വെളിപ്പെടുത്താമോ; | (സി) | അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിൽ തിരുവനന്തപുരം ജില്ലയിൽ ഒരിടത്തും ദിവസവേതന അടിസ്ഥാനത്തിൽ ആരെയും നിയമിച്ചിട്ടില്ല. |
| (ഡി) | പ്രസ്തുത തസ്തികയിൽ പി.എസ്.സി. നിയമനം നടത്തുന്നതിന് കാലതാമസമുണ്ടാകുന്നതിന് കാരണം വ്യക്തമാക്കുമോ? | (ഡി) | പി.എസ്.സി. നിയമന ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് നിയമനം നൽകി വരുന്നതിനാൽ കാലതാമസമുണ്ടാകുന്നില്ല. |

സെക്ഷൻ ഓഫീസർ